പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3090 — 23.03.2015 ലെ മറുപടിയ്ക്ക്

## ചേർത്തല മണ്ഡലത്തിലെ കർഷകരുടെ കർഷക കടാശ്വാസ അപേക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ എത്ര കർഷകർക്ക് ഈ സർക്കാർ കാലയളവിൽ സാമ്പത്തിക ആനുകൂല്യം ലഭിച്ചുവെന്നും എത്ര തുകയാണ് ലഭിച്ചതെന്നും പറയാമോ ; | (എ) | കേരള കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ കർഷകരുടെ, 1125 കടക്കരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം), എ 327 ചേർത്തല കാർഡ് ബാങ്ക് (ക്ലിപ്തം), 1344 ചേർത്തല തെക്ക് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) എന്നീ ബാങ്കുകളിലെ 64 വായ്പകളിലായി 18,32,400/- രൂപയുടെ കടാശ്വാസം നൽകിയിട്ടുണ്ട്. |
| (ബി) | എത്ര കർഷകരുടെ കടം പൂർണ്ണമായും എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പകളായിരുന്നുവെന്നും ഓരോ ബാങ്കുകളും എത്ര തുക വീതമാണ് നൽകിയതെന്നും വിശദമാക്കാമോ ? | (ബി) | 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്റ്റിൽ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്റ്റ് നിലവിൽ വന്ന തീയതിയായ 18-01-2007 നോ അതിനു മുമ്പോ കർഷകരിൽ നിന്ന് ലഭിക്കാനുള്ള ബാദ്ധ്യതയ്ക്ക് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ